# A·U·P·S·TARUR

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# ആമുഖം.

സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം.

1885ൽ സ്ഥാപിതമായ വിദ്യാലയം തരൂരിന്റെ സമഗ്ര വിദ്യാഭ്യാസ പുരോഗതിയിൽ നിർണായക ഇടമാണ്. സ്വാതന്ത്ര്യ സമര സേനാനികളായ K.P. കേശവ മേനോൻ, കോന്നുക്കുട്ടി മേനോൻ എന്നിവർ പഠിച്ച വിദ്യാലയമാണ് ഇത്. നൂറ്റാണ്ടുകളുടെ പാരമ്പര്യത്തിൽ അക്ഷരമേകി പതിനായിരക്കണക്കിന് പഠിതാക്കളാണ് വിദ്യാലയത്തിൽ നിന്ന് പഠിച്ചിറങ്ങിയത്. പ്രാരംഭ ഘട്ടത്തിൽ E.S.S.L.C പഠന സൗകര്യമുള്ള വിദ്യാലയമായിരുന്നു നമ്മുടേത്. കാലത്തിന്റെ മാറ്റത്തിൽ ഇംഗ്ലീഷ്

വിദ്യാഭ്യാസത്തിന്റെയും ഭൗതിക സാഹചര്യങ്ങളുടെ അഭാവവും പഠിതാക്കളെയും രക്ഷിതാക്കളെയും പുറകോട്ടടിപ്പിച്ചു. മാനേജ്മെന്റിന്റെ അഭാവത്തിൽ ആലത്തൂർ ഉപ ജില്ല വിദ്യാഭ്യാസ ഓഫീസറാണ് മാനേജരുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നത്. കഴിഞ്ഞ 2 വർഷങ്ങളായി വിദ്യാലയം പുരോഗമനത്തിന്റെ പാതയിലാണ്. പ്രീപ്രൈമറി മുതൽ 7-ാംക്ലാസ് വരെ 117 പഠിതാക്കൾ ഇപ്പോൾ വിദ്യാലയത്തിലുണ്ട്. I.T വിദ്യാഭ്യാസം കുട്ടികൾക്ക് പ്രത്യേകമായി നൽകി വരുന്ന ഒപ്പം തന്നെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി പ്രത്യേക ക്ലാസുകളും ഒപ്പം തന്നെ ഭിന്ന നിലവാരക്കാരായ വിദ്യാർത്ഥികൾക്കായി പ്രത്യേകം അദ്ധ്യാപികയും വിദ്യാലയത്തിൽ സേവനം ചെയ്യുന്നു. e

നാട്ടുകാരുടെയും, സന്നദ്ധസംഘടനകൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സഹായ സഹകരണത്താൽ അക്കാദമിക നിലവാരം ഉയർത്താൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങളും പിന്തുണയും നൽകി വരുന്നു

## ലക്ഷ്യങ്ങൾ

* ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയത്തെ സജ്ജമാക്കുക.
* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠനപ്രവർത്തനവും ഏറ്റവും ആസ്വാദ്യകരമാക്കുകയും കുട്ടികളുടെ പൂർണ്ണപങ്കാളിത്തം വിദ്യാലയത്തിൽ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ സജ്ജമാക്കുന്നു.
* വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാ-കായിക-പ്രവർത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ ഇടപെടുന്നതിനും, പഠനപിന്തുണാ സംവിധാനങ്ങളായ ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവ എല്ലാ വിദ്യാർത്ഥികളെയും ഒരുപോലെ പ്രാപ്തരാക്കുക.
* ഓരോ അധ്യാപകരും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവ് പുനർനിർമ്മിക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
* പാർശ്വവൽക്കരിക്കപ്പെട്ടവരും, പ്രത്യേക പരിഗണന

അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഉന്നനി-
ലവാരം ഉറപ്പാക്കുക.

* വിദ്യാർത്ഥികളും, അധ്യാപകരും, സമൂഹവും
തമ്മിൽ ഊഷ്മളമായ ബന്ധം സ്ഥാപിക്കുകയും
അതുവഴി വിദ്യാലയത്തിന്റെ അക്കാദമി ഭൗതിക-
വും, അക്കാദമികവുമായ മുന്നേറ്റം സാധ്യ-
മാക്കുകയും ചെയ്യുക.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, എന്നിവ അനായാസമായി എഴുതാനും, വായിക്കാനുമുള്ള ശേഷി കൈവരിക്കുക. *ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക. | *അക്ഷരം, ചിഹ്നം ഉറപ്പിക്കൽ *വാക്യം, പദം, വാചകം എന്നിവ നിർമിക്കൽ *സ്വതന്ത്രരചന പ്രോത്സാഹിപ്പിക്കുക. *പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്. | ജൂൺ - ഡിസംബർ | അധ്യാപകർ മുതിർന്ന കുട്ടികൾ | |
| *എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക, പത്രവായന, ലൈബ്രറി പുസ്തക വായന എന്നിവ പ്രോത്സാഹിപ്പിക്കുക. | *ലൈബ്രറി നവീകരണം. *പരമാവധി പത്രങ്ങൾ ലഭ്യമാക്കൽ. *വായനാ കാർഡ് നിർമാണം. *അസംബ്ലിയിൽ പ്രധാന പത്രവാർത്തകളുടെ അവതരണം. *അമ്മവായന. | ജൂൺ - മാർച്ച് | അധ്യാപകർ. രക്ഷിതാക്കൾ. | |
| *അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുക. | *കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടി, etc..) | ജൂൺ - ജൂലൈ | ഗണിത അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| * രസകരമായ ഗണിത പഠനവും കരചലന ശേഷികളുടെ വികാസം<br>* ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | * ഒറിഗാമി ശില്പശാലയിലൂടെ വിവിധ രൂപങ്ങൾ നിർമ്മിക്കുക, പട്ടികപ്പെടുത്തി പ്രദർശിപ്പിക്കുക.<br>* ഗണിത ലാബ് സജ്ജമാക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | അധ്യാപകർ. | |
| * ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ<br>* ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക | * വിദഗ്ധരുടെ ഗണിതക്ലാസ്.<br>* ICT സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുർശ്രേണികൾ, ടാൻഗ്രാം പോലുള്ള പ്രവർത്തനങ്ങൾ കുട്ടികളിൽ എത്തിക്കുക. | വർഷത്തിൽ ഒന്ന്<br>ജൂൺ - മാർച്ച് | ഗണിതക്ലബ് അധ്യാപകർ. | |
| * ജീവിത സാഹചര്യങ്ങളിൽ നിന്നും, ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | * നിത്യജീവിതത്തിലെ വസ്തുക്കൾ ഉപയോഗപ്പെടുത്തി പരീക്ഷണങ്ങൾ ഉൾപ്പെടുത്തി "പരീക്ഷണക്കളരി"യിലൂടെ ശാസ്ത്രക്ലാസുകൾ നടത്തുന്നു. | ജൂൺ - മാർച്ച്. | ഹെൽത്ത് ക്ലബ്ബ് സയൻസ് ക്ലബ്ബ് അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| * ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക | * ആരോഗ്യ ക്ലബ്ബ്, ശാസ്ത്രക്ലബ്ബ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര മേഖലകളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരണം.<br>* പ്രകൃതി നടത്തം. | അക്കാദമിക വർഷം | അധ്യാപകർ ക്ലബ്ബുകൾ. | |
| * വിദഗ്ദരുടെ ക്ലാസുകൾ. | * ശാസ്ത്രമേഖലയിൽ പ്രഗത്ഭരായ വ്യക്തികളുടെ ക്ലാസ് സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | അധ്യാപകർ ക്ലബ്ബുകൾ. | |
| * ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അവതരിപ്പിക്കൽ | * ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ, പരീക്ഷണപ്രവർത്തനങ്ങൾ എന്നിവ കുട്ടികളിലേക്ക് എത്തിക്കുന്നു. | അക്കാദമിക വർഷം | അധ്യാപകർ. | |
| * പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരായി മാറ്റിയെടുക്കുക.<br>* ജനാധിപത്യപരമായ | * ICT സാധ്യതകളുപയോഗിച്ച് ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം. പാഠഭാഗങ്ങളുടെ പ്രവർത്തനം. | അക്കാദമിക വർഷം | അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| ജീവിത സമീപനം രൂപപ്പെടുത്തുക. | * തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്ദർശിച്ച് ജനാധിപത്യരീതികൾ മനസ്സിലാക്കുന്നു. | വർഷത്തിലൊരിക്കൽ | അധ്യാപകർ | | |
| * സഹജീവികളോട് സമഭാവന വളർത്തുക.<br>* പ്രകൃതി ദുരന്തങ്ങൾ, രക്ഷാപ്രവർത്തനങ്ങൾ, എന്നിവ പഠിതാക്കളെ ബോധ്യപ്പെടുത്തൽ. | * ദുരന്ത മുഖങ്ങൾ സന്ദർശിച്ച് സഹായങ്ങൾ നൽകുന്നു.<br>* പോലീസ്, അഗ്നിശമന സേന എന്നിവരുടെ ക്ലാസുകൾ. (റോഡ് സുരക്ഷ, ലഹരി വിരുദ്ധ ക്ലാസുകൾ, എന്നിവ...) | വർഷത്തിൽ 2 തവണ | അധ്യാപകർ കുട്ടികൾ. | | |
| * ഇംഗ്ലീഷിൽ, തെറ്റുകൂടാതെ വായിക്കാനും, എഴുതാനും പ്രാപ്തരാക്കുക. | * ബാലമാസികകൾ, ഇംഗ്ലീഷ് പത്രങ്ങൾ, ഇംഗ്ലീഷ്, കഥ, കവിത എന്നിവയുടെ വായന.<br>* ICT ഉപയോഗപ്പെടുത്തി ഉച്ചാരണവും, കമ്മ്യൂണിക്കേഷൻ സ്കില്ല് വർധിപ്പിക്കുന്നതിനുള്ള വിവിധങ്ങളായ പ്രവർത്തനം. | ജൂൺ-മാർച്ച് | അധ്യാപകർ കുട്ടികൾ. | | |
| * ഹിന്ദിഭാഷയിൽ, വായനയും, എഴുത്തും പരിപോഷിപ്പിക്കുക. | * അക്ഷരകാർഡ്, വായനാകാർഡ് എന്നിവ ഉപയോഗപ്പെടുത്തി ഹിന്ദിയിലുള്ള പ്രാവീണ്യം വർധിപ്പിക്കുക. | ജൂൺ-മാർച്ച് | അധ്യാപിക | | |

| | | | | | |
|---|---|---|---|---|---|
| | *ICT യുടെ സഹായത്തോടെ പഠനപ്രവർത്തനങ്ങളും, കുട്ടികളുടെ പദസമ്പത്ത് വർധിപ്പിക്കുന്നതിനും, വ്യക്തിത്വം വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | ജൂൺ - മാർച്ച് | അധ്യാപകൻ. | | |
| *അറബി, ഉറുദു ഭാഷകളിലെ അക്ഷരങ്ങൾ, ചിഹ്നങ്ങൾ, എന്നിവ വ്യക്തമാക്കൽ. | *അക്ഷര, ചിഹ്ന കാർഡുകൾ ഉപയോഗിച്ച് വാക്കുകളുടെ നിർമാണം<br>*ICT യുടെ സഹായത്തോടെ പദക്കളി പ്രവർത്തനങ്ങൾ. | ജൂൺ - മാർച്ച് | അധ്യാപകൻ. | | |
| *ദിനാചരണങ്ങളിലൂടെ ഭാഷയുടെ പ്രാധാന്യം തിരിച്ചറിയൽ. | *പലതരം വ്യവഹാര രൂപങ്ങളുടെ രചന, അവതരണം.<br>*ICT യുടെ സഹായത്തോടെ എഴുത്തുകാരെ അറിയൽ. | ജൂൺ - മാർച്ച് | അധ്യാപകർ കുട്ടികൾ. | | |

| | | | | |
|---|---|---|---|---|
| | * ICT യുടെ സഹായത്തോടെ പഠനപ്രവർത്തനങ്ങളും, കുട്ടികളുടെ പദസമ്പത്ത് വർധിപ്പിക്കുന്നതിനും, [illegible] വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | ജൂൺ - മാർച്ച് | അധ്യാപകർ. | |
| * അറബി, ഉറുദു ഭാഷകളിലെ അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഏക വ്യഞ്ജനങ്ങൾ. | * അക്ഷര, ചിഹ്ന കാർഡുകൾ ഉപയോഗിച്ച് വാക്കുകളുടെ നിർമ്മാണം<br>* ICT യുടെ സഹായത്തോടെ പദകേളി പ്രവർത്തനങ്ങൾ. | ജൂൺ - മാർച്ച് | അധ്യാപകർ. | |
| * ദിനാചരണങ്ങളിലൂടെ ഭാഷയുടെ പ്രാധാന്യം തിരിച്ചറിയൽ. | * പലതരം വ്യവഹാര രൂപങ്ങളുടെ രചന, അവതരണം.<br>* ICT യുടെ സഹായത്തോടെ എഴുത്തുകാരെ അറിയൽ. | ജൂൺ - മാർച്ച് | അധ്യാപകർ കുട്ടികൾ. | |

AIDED UPPER PRIMARY SCHOOL
Date
TARUR

ദീപ [illegible] (SRG)

HM INCHARGE
A.U.P SCHOOL
TARUR

[illegible] (HM Incharge)